5739
21/6/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശു വികസന സേവന പദ്ധതി- 2013-14 സാമ്പത്തിക വർഷത്തേയ്ക്ക് മെഡിസിൻ കിറ്റുകൾ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിന്- കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ) നം. 394/2014/സാനീവ** **തീയതി, തിരുവനന്തപുരം ,4.6.2014**

---

**പരാമർശം :** (1) സ.ഉ(സാധാ) നം. 223/14/സാനീവ തീയതി 28.3.2014.
(2) 22.5.2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/എ1-13777/13 നംപർ കത്ത്.

**ഉത്തരവ്**

സംയോജിത ശിശുവികസന സേവന പദ്ധതിയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് 1000/- രൂപയും മിനി അങ്കണവാടികൾക്ക് 500/- രൂപയും നിരക്കിൽ ഇ-ടെണ്ടർ നടപടിക്രമത്തിലൂടെ മെഡിസിൻ കിറ്റുകൾ വാങ്ങുന്നതിനായി 3,30,44,500 രൂപ പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിരുന്നു. മെഡിസിൻ കിറ്റിൽ ഉൾപ്പെടുത്തേണ്ട മരുന്നുകൾ നിശ്ചയിക്കുന്നതിനും പർച്ചേസ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയും പർച്ചേസ് കമ്മിറ്റിയും രൂപീകരിക്കുന്നതിന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അനുമതി ആവശ്യപ്പെടുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മെഡിസിൻ കിറ്റിൽ ഉൾപ്പെടുത്തേണ്ട മരുന്നുകൾ നിശ്ചയിക്കുന്നതിനും പർച്ചേയ്സ് നടത്തുന്നതിനുമായി താഴെപ്പറയും പ്രകാരം ടെക്നിക്കൽ കമ്മിറ്റിയും പർച്ചേയ്സ് കമ്മിറ്റിയും രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടെക്നിക്കൽ കമ്മിറ്റി

| | | |
|---|---|---|
| 1. | സാമൂഹ്യനീതി ഡയറക്ടർ | ചെയർമാൻ |
| 2. | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രതിനിധി | മെമ്പർ |
| 3. | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യസുരക്ഷാ മിഷൻ | മെമ്പർ |
| 4. | വകുപ്പ് മേധാവി, കുട്ടികളുടെ ചികിൽസാ വിഭാഗം, ഗവൺമെന്റ് മെഡിക്കൽ കോളേജ് | മെമ്പർ |
| 5. | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് | കൺവീനർ |

പർച്ചേയ്സ് കമ്മിറ്റി

| | | |
|---|---|---|
| 1 | സാമൂഹ്യനീതി ഡയറക്ടർ | ചെയർമാൻ |
| 2 | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യസുരക്ഷാ മിഷൻ | മെമ്പർ |
| 3 | ഫിനാൻസ് ഓഫീസർ,സാമൂഹ്യനീതി വകുപ്പ് | മെമ്പർ |
| 4 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ് | മെമ്പർ |
| 5 | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ,സാമൂഹ്യനീതി വകുപ്പ് | കൺവീനർ |

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**മിനി.എം.**
**അണ്ടർ സെക്രട്ടറി**

**സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.**
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരളാ സാമൂഹ്യസുരക്ഷാ മിഷൻ.

**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.**
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
**കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**